(എഫ്) തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി പോലീസ് ഡിപ്പാർട്ടുമെന്റും മറ്റു വകുപ്പുകളും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സുരക്ഷിതത്വക്രമീകരണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

92 (1058) ഗുരുവായൂർ ദേവസ്വം ഭരണസമിതി

ശ്രീ. വി. ബാലറാം :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.1999-ൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) അവരിൽ 15.5.1999 ന് മുമ്പ് രാജിവച്ചവർ ആരെല്ലാമാണ്;

(സി) അവർ രാജിവയ്ക്കുവാനുള്ള കാരണങ്ങൾ എന്തായിരുന്നു;

(ഡി) പ്രസ്തുത ദേവസ്വം ഭരണസമിതിക്കെതിരെ എന്തെങ്കിലും അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഇ) ഈ ആരോപണങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എഫ്) അഴിമതി ആരോപണത്തിന് വിധേയരായവരെ പ്രോസിക്യൂട്ട് ചെയ്യണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ജി) ഈ ആവശ്യം ആരെല്ലാമാണ് ഉന്നയിച്ചത്;

(എച്ച്) ഈ ആവശ്യം അംഗീകരിക്കാതിരിക്കുവാനുള്ള കാരണം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1.4.1999-ൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു.

1. സാമൂതിരി രാജ

2. ശ്രീ. പരമേശ്വരൻ നമ്പൂതിരിപ്പാട്-മല്ലിശ്ശേരി ഇല്ലത്തെ ഇപ്പോഴത്തെ കാരണവർ.

3. ശ്രീ. ചേന്നാസ് ദിവാകരൻ നമ്പൂതിരിപ്പാട്. തന്ത്രി, ഗുരുവായൂർ ക്ഷേത്രം.

(ഇവർ 3 പേരും സ്ഥിരാംഗങ്ങൾ ആണ്)

4. പ്രൊഫ. കെ.ആർ. രാമൻ കർത്താ

5. ശ്രീ. എ. രാധാകൃഷ്ണൻ

6. ശ്രീ. മാടപ്പാട് മുരളി

7. ശ്രീ. വി.കെ. ബാബു

8. ശ്രീ. കെടാമംഗലം സദാനന്ദൻ

9. ശ്രീ. പി.കെ. നാരായണപ്പണിക്കർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. പി.കെ. നാരായണപ്പണിക്കർ, ശ്രീ. മാടപ്പാട് മുരളി, ശ്രീ. വി.കെ. ബാബു, ശ്രീ കെടാമംഗലം സദാനന്ദൻ.

(സി) ശ്രീ. പി.കെ. നാരായണപ്പണിക്കർ, ശ്രീ. വി.കെ. ബാബു, ശ്രീ. മാടപ്പാട് മുരളി എന്നിവർ വ്യക്തിപരമായ കാരണങ്ങളാലാണ് രാജിവച്ചത്. ശ്രീ. കെടാമംഗലം സദാനന്ദൻ കാരണം ഒന്നും കാണിച്ചിട്ടില്ല.

(ഡി)&(ഇ). അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമനകാര്യങ്ങളെക്കുറിച്ചും മറ്റും പൊതുവായ ആരോപണങ്ങളാണ് കമ്മിറ്റിക്കെതിരെ ഉന്നയിച്ചിട്ടുള്ളത്. കൂടാതെ ബാങ്കുകളിൽ ദേവസ്വം ഫണ്ട് നിക്ഷേപിക്കുന്നത്, കാർ ദുരുപയോഗം ചെയ്യൽ, ശ്രീവത്സം ഗസ്റ്റ്ഹൗസ് സൗകര്യം ദുരുപയോഗപ്പെടുത്തൽ, ടെലിഫോൺ സൗകര്യം ദുർവിനിയോഗം ചെയ്യുക തുടങ്ങിയ ആരോപണങ്ങളും അഴിമതി ആരോപണവും ശ്രീ. രാമൻകർത്താക്ക് എതിരെ ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങളെ കുറിച്ച് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. കൂടാതെ, ഗുരുവായൂർ ദേവസ്വം കമ്മീഷണർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് ഒരു സ്പെഷ്യൽ ഓഡിറ്റും നടത്തിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ടിന്മേൽ കമ്മീഷണർ, ആക്ടിലെ വ്യവസ്ഥകളനുസരിച്ച് നടപടിയെടുക്കുന്നുണ്ട്.

(എഫ്)&(ജി) ചില സംഘടനകൾ പത്രങ്ങൾ മുഖേന ഇത്തരം ആവശ്യം ഉന്നയിച്ചിട്ടുള്ളതായി അറിയുന്നു. സർക്കാരിന് ഇത്തരത്തിൽ കത്തൊന്നും ലഭിച്ചതായി കാണുന്നില്ല.

(എച്ച്) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായ സാഹചര്യത്തിൽ റിപ്പോർട്ട് ലഭിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

93 (1059) കാർഷികമേഖലയുടെ വികസനം

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മൂലധനം കണ്ടെത്തി കർഷകർക്ക് ലഭ്യമാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ എന്തു തുക വിനിയോഗിക്കുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിനുള്ള മൂലധനം കണ്ടെത്താൻ ഏതൊക്കെ ഏജൻസികളെയാണ് സമീപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാർഷിക വികസനത്തിന് സംസ്ഥാന കാർഷിക വികസന ബാങ്ക്, നബാർഡ് എന്നിവ വഴി മൂലധനം സ്വരൂപിക്കുന്നതിന് നടപടി സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly